# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE; 08.09.2025**

### പ്രധാനവാർത്തകൾ

1. 17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. വോട്ടെടുപ്പ് നാളെ രാവിലെ 10 മണിക്ക് ആരംഭിക്കും.

2. പാലക്കാട് സ്മാർട്ട്സിറ്റി വികസനസാധ്യതകൾ വിലയിരുത്തുന്ന വ്യവസായ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു

3. പുലികളിയുടെ ആവേശത്തിമിർപ്പിൽ തൃശൂർ. നഗരവീഥികളെ പ്രകമ്പനം കൊള്ളിച്ച് പുലിക്കൂട്ടം

4. സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള ഘോഷയാത്ര തിരുവനന്തപുരത്ത് നാളെ നടക്കും

5. ഏഷ്യ കപ്പ് ടി20 ക്രിക്കറ്റ് മൽസരങ്ങൾക്ക് നാളെ തുടക്കം.

RNU TVPM

&&&&&&&&&&&&&&&&&&

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് നാളെ. പാർലമെൻറ് മന്ദിരത്തിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെയാണ് വോട്ടെടുപ്പ്. എൻഡിഎ സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ സി.പി രാധാകൃഷ്ണനും, I N D I A സ്ഥാനാർത്ഥിയായി സുപ്രീംകോടതി മുൻ ജഡ്ജി ബി. സുദർശൻ റെഡ്ഡിയുമാണ് മത്സരരംഗത്തുള്ളത്. ഇരു സഭകളിലും നിന്നുള്ള 788 അംഗങ്ങളുടെ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തീരുമാനിക്കുക. വോട്ടെണ്ണൽ നാളെ വൈകുന്നേരം ആറ് മണിക്ക് ആരംഭിക്കും.

************************

## പ്രധാനമന്ത്രി

ന്യൂഡൽഹിയിൽ നടക്കുന്ന ബിജെപി എംപിമാരുടെ പരിശീലന പരിപാടിയുടെ സമാപന സമ്മേളനത്തെ ¬പ്രധാനമന്ത്രി നരേന്ദ്ര മോദി അൽപസമയത്തിനകം അഭിസംബോധന ചെയ്യും. ഇന്നലെ ആരംഭിച്ച രണ്ട് ദിവസത്തെ ശില്പശാലയിൽ, പുത്തൻ തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളെക്കുറിച്ചുള്ള പ്രമേയം പാസാക്കിയിരുന്നു. കരുത്തുറ്റ ഈ ചുവടുവെയ്പ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ശ്രീ പീയുഷ് ഗോയൽ അഭിനന്ദിച്ചു.

************************

## സ്മാർട്ട് സിറ്റി - പാലക്കാട്

പാലക്കാട് സ്മാർട്ട്സിറ്റിയുടെ വികസനസാധ്യതകൾ വിലയിരുത്തുന്ന വ്യവസായ ഉച്ചകോടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കഞ്ചിക്കോട് ഇൻഡസ്ട്രീസ് ഫോറം സംഘടിപ്പിച്ച പരിപാടിയിൽ മന്ത്രിമാരായ പി. രാജീവ്, എം. ബി. രാജേഷ് എന്നിവർ പങ്കെടുത്തു.

കഞ്ചിക്കോട് മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്കും സംരംഭകർക്കും സ്മാർട്ട് സിറ്റി പദ്ധതിയെ കുറിച്ച് അവബോധം നൽകാൻ ലക്ഷ്യമിട്ടാണ് ഉച്ചകോടി സംഘടിപ്പിച്ചത്.



RNI TVPM

************************

## പുലികളി (ഇൻട്രോ)

പുലികളിയുടെ ആവേശത്തിമിർപ്പിൽ തൃശൂർ നഗരം. ഓണാഘോഷത്തിന് സമാപനം കുറിക്കുന്ന പുലികളിക്കായി 9 ദേശങ്ങളാണ് ഇക്കുറി നിരത്തിലിറങ്ങിയത്. അരമണി കിലുക്കിയും, ചുവടുവച്ചും കാഴ്ചക്കാരിൽ ആവേശത്തിരയിളക്കി പുലികൾ നഗരവീഥികളെ പ്രകമ്പനം കൊള്ളിക്കുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...**

(ഹോൾഡ്)

************************

## ഓണം തിരുവനന്തപുരം

സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര നാളെ തലസ്ഥാന നഗരിയിൽ നടക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. വെള്ളയമ്പലത്ത് നിന്ന് കിഴക്കേകോട്ട വരെ നീളുന്ന ഘോഷയാത്രയിൽ ആയിരത്തിലധികം കലാകാരന്മാർ അവതരിപ്പിക്കുന്ന സാംസ്കാരിക കലാരൂപങ്ങളുടെ അകമ്പടിയോടെ അറുപതോളം ഫ്ളോട്ടുകളായിരിക്കും ഉണ്ടാവുക. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കലാരൂപങ്ങളും ഘോഷയാത്രയിൽ അണിനിരക്കും. പൊതു ജനങ്ങൾക്ക് ഘോഷയാത്ര വീക്ഷിക്കുന്നതിന് പ്രത്യേകം സൗകര്യവും ഒരുക്കിയിട്ടുണ്ട്.

RNU TVPM

************************

## ഗതാഗത നിയന്ത്രണം - അവധി

ഓണം ഘോഷയാത്രയോടനുബന്ധിച്ച് നാളെ ഉച്ചയ്ക്ക് രണ്ട് മണി മുതൽ തിരുവനന്തപുരം നഗരത്തിൽ വിപുലമായ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. കവടിയാർ മുതൽ

കിഴക്കേകോട്ട, ഈഞ്ചക്കൽ വരെയുള്ള റോഡിൽ ഗതാഗതം നിയന്ത്രിക്കും. ഘോഷയാത്ര കടന്നു പോകുന്ന പ്രധാന നിരത്തുകളിൽ പാർക്കിംഗ് അനുവദിക്കില്ലെന്ന് സിറ്റി പോലീസ് അറിയിച്ചു. പേ & പാർക്കിംഗ് സംവിധാനവും ഉണ്ടായിരിക്കുന്നതല്ല. തിരക്ക് കണക്കിലെടുത്ത് തിരുവനന്തപുരം നഗരപരിധിയിലെ സംസ്ഥാന സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും നാളെ ഉച്ചക്ക് ശേഷം അവധി നൽകിയിട്ടുണ്ട്. നഗരസഭാപരിധിയിലെ എല്ലാ സ്കൂളുകൾക്കും നാളെ അവധി ആണ്. സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് അവധി ബാധകമായിരിക്കും.
************************

## ജിഎസ്ടി സ്പോട്സ്

ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വരുന്ന ജി.എസ്.ടി പരിഷ്കരണങ്ങൾ യുവജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് കേന്ദ്രസർക്കാർ. ജിം, ഫിറ്റ്നസ്സ് കേന്ദ്രങ്ങൾക്കുള്ള നികുതി 18 ശതമാനത്തിൽ നിന്നും 5 ആക്കി കുറച്ചത് സാധാരണക്കാർക്ക് ഗുണകരമാകും. സൈക്കിളിൻറെ ജി.എസ്.ടി 12 ൽ നിന്നും 5 ശതമാനമാക്കി കുറച്ചത് യുവജനങ്ങൾക്കിടയിലെ സൈക്കിൾ ഉപയോഗം വർദ്ധിപ്പിക്കുമെന്നും കേന്ദ്രകായിക മന്ത്രി മൻസുഖ് മാണ്ഡവ്യ വ്യക്തമാക്കി. ഫിറ്റ് ഇന്ത്യ പോലെയുള്ള ദേശീയ സംരംഭങ്ങൾക്ക് നികുതി പരിഷ്കരണം ഊർജ്ജം പകരും.
************************

## അമിബിക് മസ്തിഷ്ക ജ്വരം

അമിബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു. മലപ്പുറം സ്വദേശിനി ശോഭനയാണ് മരിച്ചത്. സംസ്ഥാനത്ത് അമിബിക് മസ്തിഷ്ക ജ്വരത്തെ തുടർന്ന് കഴിഞ്ഞ രണ്ടു

RNU TVPM

മാസങ്ങളിൽ 5 പേരാണ് മരിച്ചത്. നിലവിൽ പത്തു പേരാണ് കോഴിക്കോട് ചികിൽസയിലുള്ളത്.
***********************

## നവജാത ശിശു മരിച്ചു

ഇടുക്കി മണിയാറൻകുടിയിൽ വീട്ടിലെ പ്രസവത്തിനിടെ നവജാത ശിശു മരിച്ചു. പാസ്റ്ററായി ജോലി ചെയ്യുന്ന ജോൺസൻ്റെയും ബിജിയുടെയും കുഞ്ഞാണ് മരിച്ചത്. പോലീസും ആരോഗ്യ വകുപ്പും ഇടപെട്ട് അമ്മയെ ആശുപത്രിയിലേക്ക് മാറ്റി. ഇടുക്കി പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.
***********************

## വോട്ടർപട്ടിക

തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഒക്ടോബർ വരെ അവസരം എന്ന തരത്തിൽ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം രണ്ടിന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വോട്ടർ പട്ടിക വീണ്ടും പുതുക്കുന്നതിനുള്ള തീരുമാനം ഇതുവരെ എടുത്തിട്ടില്ലെന്നും കമ്മീഷൻ അറിയിച്ചു.
***********************

RNU TVPM

## ആന്മുള ഉതൃട്ടാതി ജലമേള (ഇൻട്രോ)

ചരിത്ര പ്രസിദ്ധമായ ആന്മുള ഉതൃട്ടാതി ജലമേളക്കായുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. ആറന്മുള സത്രക്കടവിൽ നാളെ ഉച്ചക്ക് 1.30 ന് ആരോഗ്യ മന്ത്രി വീണാ ജോർജ് ജലമേള ഉദ്ഘാടനം ചെയ്യും. എ,ബി ബാച്ചുകളിലായി 51 പള്ളിയോടങ്ങൾ മേളയിൽ പങ്കെടുക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

************************

## പ്രതിപക്ഷ നേതാവ്

സംസ്ഥാനത്തെ കസ്റ്റഡി മർദ്ദനങ്ങളിൽ മുഖ്യമന്ത്രിയുടെ മൗനം ദുരൂഹമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. പൊലീസുകാർക്കെതിരായ നടപടി സസ്പെൻഷനിൽ ഒതുക്കാമെന്ന് കരുതേണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇത്തരക്കാരെ സർവീസിൽ നിന്നും പുറത്താക്കുന്നതു വരെ സമരം തുടരുമെന്നും ശ്രീ വി ഡി സതീശൻ വ്യക്തമാക്കി.

************************

## അർബൻ കോൺക്ലേവ് - മന്ത്രി എംബി രാജേഷ്

സംസ്ഥാനത്തിന്റെ ആദ്യ സമഗ്ര നഗരനയം രൂപീകരിക്കുന്നതിനുള്ള കേരള അർബൻ കോൺക്ലേവ് ഈ മാസം 12,13 തീയതികളിൽ കൊച്ചിയിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ പരിപാടി ഉദ്ഘാടനം ചെയ്യും. കേന്ദ്ര ഭവന നിർമ്മാണ, നഗരകാര്യ മന്ത്രി മനോഹർലാൽ ഖട്ടർ മുഖ്യാതിഥിയാകും.

************************

## ആദായ നികുതി

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. 7.28 കോടി ഐ.ടി റിട്ടേണുകളാണ് ഇതിനകം ഫയൽ ചെയ്തിരിക്കുന്നത്. വൈകിയുള്ള റിട്ടേൺ സമർപ്പണത്തിന് പിഴ ഏർപ്പെടുത്തിയിട്ടുണ്ട്.

************************

## ഏഷ്യ കപ്പ് ക്രിക്കറ്റ്

ഏഷ്യ കപ്പ് ടി-20 ക്രിക്കറ്റ് മൽസരങ്ങൾക്ക് നാളെ തുടക്കമാകും. അബുദാബി ഷെയ്ഖ് സായിദ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി എട്ട് മണിക്കാണ് അഫ്ഗാനിസ്ഥാനും ഹോങ്കോങ്ങും തമ്മിലുള്ള ഉദ്ഘാടന മൽസരം. മറ്റന്നാൾ യു എ ഇയുമായാണ് ഇന്ത്യയുടെ ആദ്യ മത്സരം.

RNU TVPM

************************

## നേപ്പാൾ -പ്രതിഷേധം

നേപ്പാൾ തലസ്ഥാനമായ കാഠ്മണ്ഡുവിലെ ബനേശ്വറിൽ സാമൂഹ്യ മാധ്യമ വിലക്കിനെതിരെ യുവജനങ്ങൾ നടത്തിയ പ്രതിഷേധത്തിനിടെയുണ്ടായ പോലീസ് വെടിവയ്പ്പിൽ 14 മരണം. 100 ലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. പ്രധാന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്ക് സർക്കാർ അടുത്തിടെ വിലക്ക് ഏർപ്പെടുത്തിയതിനെത്തുടർന്നാണ് പ്രതിഷേധം പൊട്ടിപ്പുറപ്പെട്ടത്. ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ്ആപ്പ്, എക്സ് , യൂട്യൂബ് തുടങ്ങിയ പ്രധാന സാമൂഹ്യ മാധ്യമങ്ങൾക്കാണ് നേപ്പാളിൽ വിലക്കേർപ്പെടുത്തിയത്.

************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നേട്ടം. സെൻസെക്സ് 76 പോയിന്റ് ഉയർന്ന് 80,787 ലും നിഫ്റ്റി 32 പോയിന്റ് നേട്ടത്തിൽ 24,773 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ വർധന. പവന് 400 രൂപ കൂടി 79,880 രൂപയായി. ഗ്രാമിന് 9,985 രൂപയാണ് ഇന്നത്തെ വില.

RNU TVPM

************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആറ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

************************

## ട്രാൻസ്ജെൻഡർ

ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനായി ട്രാൻസ്ജെൻഡർ വ്യക്തികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഈ മാസം 20 ആണ് അപേക്ഷ നൽകാനുള്ള അവസാന തീയതി. ഭവന പദ്ധതികളിൽ ഗുണഭോക്താക്കളായ വ്യക്തികൾക്ക് പരമാവധി 2 ലക്ഷം രൂപ ഗ്യാപ്പ് ഫണ്ടായി

അനുവദിക്കും. ഭവന പദ്ധതികളിൽ ഉൾപ്പെടാത്തവരും സ്വന്തമായി ഭൂമിയുള്ളവരും ആയ വ്യക്തികൾക്ക് ഭവന നിർമ്മാണത്തിന് പരമാവധി 6 ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുക.

*

************

*************************************

RNU TVPM